ജെ 6 /16973/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 07.09.2019

## ക്വട്ടേഷൻ നോട്ടീസ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഔദ്യോഗികാവശ്യത്തിനായി മൂന്നു വർഷത്തിൽ താഴെ പഴക്കമുള്ള ടാക്സി പെർമിറ്റുള്ള A/C ഡീസൽ മോഡലിലുള്ള ഒരു കാർ (TATA Indigo, Bolero, Swift Dzire, Honda Amaze മോഡലുകളിൽ നിന്നും) ഡ്രൈവർ ഉൾപ്പെടെ കരാർ അടിസ്ഥാനത്തിൽ രണ്ട് വർഷത്തേക്ക് ഓടുന്നതിന് ഇതോടൊപ്പം ചേർത്തിരിക്കുന്ന കരാർ വ്യവസ്ഥയ്ക്ക് വിധേയമായി ലഭ്യമാക്കുവാൻ താത്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മുദ്രവച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. പ്രതിമാസം 1500 കി.മി ദൂരം എന്ന കണക്കിൽ ഓടുന്നതിനുള്ള മിനിമം നിരക്ക് രേഖപ്പെടുത്തിയിരിക്കണം . ക്വട്ടേഷനുകൾ 2019 സെപ്തംബർ 20-ാം തീയതി വൈകിട്ട് 4 മണിയ്ക്ക് മുമ്പായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ആസ്ഥാനകാര്യാലയം , ആറാംനില, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ മുദ്രവച്ച കവറിൽ ലഭിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

ലഭ്യമായ ക്വട്ടേഷനുകൾ 2019 സെപ്തംബർ 20-ാം തീയതി വൈകിട്ട് 4.30 ന് സന്നിഹിതരായിരിക്കുന്ന ബന്ധപ്പെട്ട വ്യക്തികൾ ഉണ്ടെങ്കിൽ അവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

ക്വട്ടേഷനുകൾ അനുബന്ധമായി ചേർത്തിട്ടുള്ള നിശ്ചിത മാതൃകയിൽ തയ്യാറാക്കി മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. കവറിനു പുറത്ത് '**കരാർ വ്യവസ്ഥയിൽ വാഹനം നൽകുന്നതിനുള്ള ക്വട്ടേഷൻ**' എന്ന് ചുവന്ന മഷിയിൽ രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സ്വീകരിക്കുവാനോ കാരണം കാണിക്കാതെ നിരസിക്കുവാനോ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഡോ.സുമ.കെ.കെ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
(ഇൻചാർജ്ജ്)

തിരുവനന്തപുരം

പകർപ്പ് - (1) നോട്ടീസ് ബോർഡ്
(2) ഔദ്യോഗിക വെബ്സൈറ്റ്
(3) നടപ്പ് ഫയൽ/കരുതൽ ഫയൽ

ജെ 6/16973/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 07/09/2019

## കരാർ വ്യവസ്ഥകൾ

1. കരാർ രണ്ടു വർഷത്തേക്കായിരിക്കും. എന്നാൽ വേണ്ടിവന്നാൽ പ്രത്യേകിച്ചൊരു കാരണം ചൂണ്ടിക്കാണിക്കാതെ തന്നെ 15 ദിവസത്തെ നോട്ടീസ് നൽകി രണ്ട് വർഷകാലാവധിക്ക് മുമ്പ് തന്നെ കരാർ റദ്ദാക്കുവാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

2. 01/01/2015 നോ അതിന് ശേഷമോ രജിസ്റ്റർ ചെയ്ത വാഹനം മാത്രമേ കരാറിനായി പരിഗണിക്കൂ. വാഹനം മികച്ച റണ്ണിംഗ് കണ്ടീഷനോട് കൂടിയതും എ.സി, സീറ്റ് കവർ, കർട്ടൻ എന്നീ അനുബന്ധ സൗകര്യങ്ങളോടു കൂടിയതുമായിരിക്കണം. വാഹനത്തിന്റെ എ.സി. സംവിധാനം മികച്ച പ്രവർത്തനക്ഷമതയുള്ളതായിരിക്കണം.

3. കരാർ കാലാവധിയിലുടനീളം വാഹനത്തിന്റെ പെർമിറ്റ്, ഇൻഷ്വറൻസ്, മലിനീകരണ നിയന്ത്രണം, മൈലേജ് തുടങ്ങിയ സർട്ടിഫിക്കറ്റുകളും രേഖകളും കാലഹരണപ്പെടാതെ സൂക്ഷിക്കേണ്ടതും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കരാറിൽ ഏർപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

4. വാഹനത്തിന്റെ ഡ്രൈവർക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കേണ്ടതാണ്. ഡ്രൈവർ മാന്യമായ വേഷം ധരിക്കേണ്ടതും സൗമ്യമായി പെരുമാറേണ്ടതും ഓഫീസർമാരുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്. ഔദ്യോഗിക ആവശ്യാനുസരണവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം ടിയാൻ ഉപയോഗിക്കേണ്ടതാണ്.

5. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം സംസ്ഥാനാതിർത്തിക്കുള്ളിലും ആവശ്യമെങ്കിൽ പുറത്തും ദീർഘയാത്ര ചെയ്യാൻ വാഹനവും ഡ്രൈവറും സജ്ജമായിരിക്കേണ്ടതാണ്.

6. വാഹനം മാസത്തിൽ എല്ലാ ദിവസവും (ഔദ്യോഗിക ആവശ്യമുണ്ടെങ്കിൽ അവധി ദിനങ്ങളിൽ പോലും) ഹാജരാക്കേണ്ടതും ഓഫീസ് ആവശ്യാനുസരണം ഉപയോഗിക്കേണ്ടതുമാണ്.

7. വാഹനത്തിന്റെ കിലോ മീറ്റർ റീഡിംഗ്, ഓരോ ദിവസവും വാഹനം ഡ്യൂട്ടിക്കായി തിരുവനന്തപുരത്ത് ഓഫീസിൽ റിപ്പോർട്ട് ചെയ്യുമ്പോൾ ആരംഭിക്കുകയും ഡ്യൂട്ടി കഴിഞ്ഞ് തിരിച്ച് മടങ്ങി എത്തുമ്പോൾ അവസാനിക്കുകയും ചെയ്യുന്നതാണ്.

0632066 GOVERNMENT OF KERALA

വാഹനത്തിന് നല്ല പ്രവർത്തനക്ഷമമായ മൈലോ മീറ്റർ ഉണ്ടായിരിക്കേണ്ടതും ദിനംപ്രതി റീഡിംഗുകൾ രേഖപ്പെടുത്തേണ്ടതുമാണ്.

8. വാഹന ഉടമയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം വാഹനം പ്രവർത്തന രഹിതമാകുകയോ വകുപ്പിന്റേതല്ലാത്ത മറ്റേതെങ്കിലും കാരണത്താൽ വാഹനം ഉപയോഗിക്കാൻ സാധിക്കാതെ വരികയോ ചെയ്താൽ മറ്റൊരു വാഹനം ലഭ്യമാക്കേണ്ട ബാധ്യത വാഹനയുടമയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഈ ബാധ്യത നിറവേറ്റിയില്ലെങ്കിൽ യുക്തമായ നഷ്ടപരിഹാരം ഈടാക്കുന്നതാണ്.

9. വാഹനത്തിന്റെ വാഷിംഗ്, അറ്റകുറ്റപ്പണികൾ, ഇന്ധനം നിറയ്ക്കൽ എന്നിവ വാഹനയുടമയുടെ ചെലവിലും ഓഫീസ് ജോലിക്ക് അസൗകര്യമാകാത്ത വിധത്തിലും നിർവ്വഹിക്കേണ്ടതാണ്.

10. കരാർ തുക ഡ്രൈവറുടെ ശമ്പളവും ഇന്ധന ചെലവും ഉൾപ്പെടെയുള്ളതായിരിക്കും. കരാർ തുക (വാടകയും ഡ്രൈവർ ബാറ്റയും ഉൾപ്പെടെ) പ്രതിമാസാടിസ്ഥാനത്തിൽ ഉടമയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. തുക മുൻകൂറായി അനുവദിക്കുന്നതല്ല. പ്രതിമാസ കരാർ തുകയിൽ നിന്നും നിയമപ്രകാരമുള്ള ആദായനികുതി ഈടാക്കി അടക്കുന്നതാണ്.

11. മോഷണം, അപകടം തുടങ്ങിയവയാൽ വാഹനത്തിന് നേരിടുന്ന നഷ്ടത്തിനോ കേടുപാടുകൾക്കോ കോളേജ് വിദ്യാഭ്യാസ വകുപ്പ്/ഉദ്യോഗസ്ഥർ ഉത്തരവാദികൾ ആയിരിക്കുന്നതല്ല. കൂടാതെ ഇൻഷ്വറൻസ് സംബന്ധമായതോ ട്രാഫിക് നിയമങ്ങൾ ലംഘിച്ചതു വഴി വന്നു ചേരുന്ന പിഴകൾക്കോ വകുപ്പിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

12. അപകടം മറ്റ് യാദൃശ്ചിക സംഭവങ്ങൾ എന്നിവ മൂലം ഉണ്ടാകുന്ന നഷ്ട പരിഹാര തുക വാഹന ഉടമ/കരാറുകാരൻ തന്നെ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ വകുപ്പിന് യാതൊരുവിധ ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

13. വാഹനത്തിന്റെ ചുമതലപ്പെട്ട ഡ്രൈവറെ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സമ്മതമോ നിർദ്ദേശമോ കൂടാതെ മാറ്റുവാൻ പാടുള്ളതല്ല. എന്നാൽ കൃത്യവിലോപം ബോധ്യപ്പെട്ടാലോ മറ്റ് തക്കതായ കാരണത്താലോ ഡ്രൈവറെ വാഹന ഉടമയ്ക്ക്/ കരാറുകാരന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ മുൻകൂട്ടി അറിയിച്ച ശേഷം മാറ്റി പുതിയ ആളെ നിയമിക്കാവുന്നതാണ്.

14. ക്വട്ടേഷനുകൾ സമർപ്പിച്ച വാഹന ഉടമ ക്വട്ടേഷൻ സ്വീകരിച്ചുകഴിഞ്ഞാൽ നിശ്ചിത മൂല്യമുള്ള മുദ്രപത്രവുമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

ഡോ.സുമ.കെ.കെ.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

063200ലെ GOVERNMENT OF KERALA

(ക്വട്ടേഷൻ സമർപ്പിക്കാനുള്ള മാതൃകാ ഫോം)

## കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം

## വികാസ് ഭവൻ, തിരുവനന്തപുരം

TATA Indigo/തത്തുല്യ ഡീസൽ വാഹനം പ്രതിമാസ വാടക/ഉടമ്പടി വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ

| | | |
|---|---|---|
| 1. | വാഹന ഉടമയുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ | |
| 2. | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | |
| 3. | വാഹനത്തിന്റെ പെർമിറ്റ് നമ്പർ | |
| 4. | വാഹനത്തിന്റെ രജിസ്ട്രേഷൻ തീയതി | |
| 5. | വാഹനത്തിന്റെ ഇൻഷ്വറൻസ് തീയതി, കാലാവധി, ഇൻഷ്വറൻസ് കമ്പനിയുടെ പേര് | |
| 6. | വാഹനം മുമ്പ് ഏതെങ്കിലും അപകടത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ | |
| 7. | പ്രതിമാസം 1800 കി.മീ. ഓടുന്നതിന് ആവശ്യപ്പെടുന്ന, ഏറ്റവും കുറഞ്ഞ നിരക്ക് (ഇന്ധന ചെലവും ഡ്രൈവർ ശമ്പളവും ഉൾപ്പെടെ) | |
| | TATA Indigo/Swift Dzire | |
| | Swift Dzire | |
| | TATA Indigo/Swift Dzire | |
| | Honda Amaze | |
| 8. | തിരുവനന്തപുരത്തിന് പുറത്തുള്ള ഒരു ദിവസം അധികരിച്ചുള്ള ഓട്ടത്തിന് ആവശ്യമായ ഡ്രൈവർ ബാറ്റ | |
| 9. | മറ്റ് പ്രസക്ത വിവരങ്ങൾ | |

# പ്രസ്താവന

മേൽ പ്രസ്താവിച്ച വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിൽപ്പെട്ടിടത്തോളവും ശരിയും സത്യവുമാണെന്നും എന്തെങ്കിലും തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയെങ്കിൽ ആയതിന് ഞാൻ പൂർണ്ണമായും ഉത്തരവാദിയാണെന്നും, ക്വട്ടേഷൻ നോട്ടീസ്, കരാർ വ്യവസ്ഥകൾ എന്നിവ പൂർണ്ണമായും വായിച്ച് മനസിലാക്കിയതായും പ്രസ്തുത വ്യവസ്ഥകൾ എനിക്ക് പൂർണ്ണമായും സ്വീകാര്യമാണെന്നും ആയത് ഉടമ്പടി പ്രകാരം പാലിച്ചു കൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

തീയതി :

സ്ഥലം :

അപേക്ഷകന്റെ ഒപ്പ് :

പേര്

വൈ.ടി.

GOVERNMENT OF KERALA